**ലീഡർ മരിച്ച ദു:ഖം സഹിക്കാൻ വയ്യെങ്കിൽ...**

**അഡ്വ. ജയശങ്കർ**

# മേരിയ്ക്കുണ്ടൊരു കുഞ്ഞാട്




1984. ലീഡറുടെ പ്രതാപകാലം. ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനു പിന്നാലെ ലോക്സഭാ തെരഞ്ഞെടുപ്പു നടക്കുന്നു. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അന്ന് കരുണാകരനാണ് ഹൈക്കമാൻഡും ലോകക്കമാൻഡും.

എറണാകുളത്ത് ബാരിസ്റ്റർ സേവ്യർ അറയ്ക്കലാണ് അന്ന് സിറ്റിംഗ് എം.പി. കേന്ദ്രമന്ത്രി ഹെൻട്രി ഓസ്റ്റിനെ മലർത്തിയടിച്ച് പാർലമെന്റിൽ പോയ ആൾ. കോൺഗ്രസ്സുകാരനാണെങ്കിലും കള്ളനല്ല. നാലാളുകൂടുന്നിടത്ത് നിവർന്നേ നിൽക്കൂ; ഞായം പറയുമ്പോൾ നാവു കോടില്ല. ലീഡറെ കണ്ടാലും വാക്കയ്യ് പൊത്തില്ല, രണ്ടാം മുണ്ട് അരയിൽ കെട്ടുകയുമില്ല.

ധിക്കാരിയായ ബാരിസ്റ്റർക്കു സീറ്റു കൊടുക്കേണ്ടെന്ന് ലീഡർ തീരുമാനിച്ചു. പകരം തോമസ് മാഷിനെ സ്ഥാനാർത്ഥിയാക്കി. കുമ്പളങ്ങിക്കാരൻ, ചെറുപ്പക്കാരൻ, തേവര കോളേജിലെ കെമിസ്ട്രി അധ്യാപകൻ. കൊച്ചി വിമാനത്താവളത്തിലെ പുല്ലുവെട്ടുകാരുടെ അനിഷേധ്യ നേതാവ്. തിരുതയും കരിമീനും തിരുവനന്തപുരത്തെത്തിച്ചു കൊടുക്കുന്നതിലാണ് മാഷിന്റെ പ്രതിഭ തിളങ്ങിയത്.

തോമാസ് മാഷിന്റെ നയവും വിനയവും അഭിനയവുമൊക്കെ ലീഡർക്കു ബോധിച്ചു. എറണാകുളം സീറ്റ് കരമൊഴിവാക്കി പതിച്ചുകൊടുത്തു. സേവ്യർ അറയ്ക്കൽ കോപിച്ചു. ആർച്ച് ബിഷപ്പ് ജോസഫ് കേളന്തറ വാളെടുത്തു. അതിരൂപതയുടെ അനുഗ്രഹാശിസ്സുകളോടെ ഒരു സ്വതന്ത്രൻ മത്സരിച്ചു. സർവ്വശക്തനായ ലീഡർ ഉണർന്നു പ്രവർത്തിച്ചു. തോമസ് മാഷ് നല്ല ഭൂരിപക്ഷത്തോടെ ജയിച്ചു.1989ൽ ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റിയും 1991ൽ മന്ത്രി വി. വിശ്വനാഥമേനോനും എതിർസ്ഥാനാർത്ഥികളായി വന്നു. തോമസ് മാഷ് പാട്ടുപാടി ജയിച്ചു.

1996 ആകുമ്പോഴേക്കും ഫ്രഞ്ചു ചാരക്കേസിൽപ്പെട്ട് മാഷിന്റെ പ്രതിച്ഛായ മങ്ങി. എറണാകുളത്ത് ബാരിസ്റ്റർ സേവ്യർ അറയ്ക്കലിനോടു തോറ്റു. രാഷ്ട്രീയഭാവി ഇരുളടഞ്ഞു. അപ്പോഴും ലീഡർ തിരുതയുടെ രുചി മറന്നില്ല. തോമസിനെ കൈവെടിഞ്ഞില്ല. ആന്റണിയോടു വഴക്കടിച്ച് ഡി.സി.സി. പ്രസിഡണ്ടാക്കി, എറണാകുളത്തുനിന്ന് എം.എൽ.എ.യാക്കി, ഉമ്മൻചാണ്ടിയുടെ പേരു വെട്ടിച്ച് മന്ത്രിയുമാക്കി.

2001-04 കാലത്ത് തോമസ് മാഷ് ടൂറിസം മന്ത്രിയായി വിലസി. ലീഡറുടെ മകൾ പത്മജയെ കെ.ടി.ഡി.സി. ചെയർപേഴ്സനുമാക്കി. മന്ത്രിയായതിനുപിന്നാലെ മാഷ് എ.കെ.ആന്റണിയുടെ കയ്യാളായി. ആദർശധീരനേക്കാൾ ആദർശശാലിയായി വിലസി. ജനപഥ് പത്താം നമ്പറിൽ നിത്യസന്ദർശകനായി. മാഡത്തെ പുകഴ്ത്തി 'സോണിയാ പ്രിയങ്കരി' എന്ന പുസ്തകവും എഴുതി.

2005 മേയ് 1ന് ലീഡറും മകനും പാർട്ടി പിളർത്തി. ഡി.ഐ.സി. (കെ) ഉണ്ടാക്കിയപ്പോൾ തോമസ് മാഷ് ഒപ്പം പോയില്ല. അദ്ദേഹം സോണിയാഗാന്ധിയുടെ കരങ്ങൾക്ക് ശക്തികൂട്ടി. 2006ൽ എറണാകുളത്തുനിന്നും വീണ്ടും എം.എൽ.എ.യായി. 2009ൽ എം.പി.യും, കേന്ദ്രമന്ത്രിയുമായി. അതിനിടെ 'എന്റെ ലീഡർ' എന്നൊരു പുസ്തകവും എഴുതി.

അങ്ങനെ സന്തോഷമായി ജീവിക്കുന്നതിനിടെ ഭീഷ്മാചാര്യൻ ശരശയ്യ ഒഴിഞ്ഞു. പുഷ്പചക്രവും നക്രബാഷ്പവുമായ പഴയ സിൽബന്ധികളൊക്കെ ഓടിയെത്തി. മദാമ്മഗാന്ധി തിരുവനന്തപുരത്ത് വന്നപ്പോൾ ഒപ്പം തോമസ് മാഷുമുണ്ട്. മൻമോഹൻസിംഗ് തൃശൂരെത്തിയപ്പോൾ അവിടെയും നിഴൽപോലെ മാഷുണ്ട്.

യു.പി.എ. അധ്യക്ഷയും പ്രധാനമന്ത്രിയും മടങ്ങിയതോടെ തോമസ് മാഷിന്റെ ജോലി തീർന്നു. ചിത കത്തിയമരുമ്പോഴെക്കും അദ്ദേഹം തോപ്പുംപടിയിലെത്തി. കുടുംബസമേതം എറണാകുളം പത്മ തിയ്യറ്ററിൽ സിനിമയ്ക്കു കയറി. ലീഡർ മരിച്ച ദു:ഖം സഹിക്ക വയ്യാത്തതിനാൽ 'മേരിക്കുണ്ടൊരു കുഞ്ഞാട്' എന്ന തമാശപടത്തിനാണ് മാഷ് കയറിയത്.

അയോഗ്യന്മാരെ തെരഞ്ഞുപിടിച്ചു അർഹതയില്ലാത്ത സ്ഥാനത്തിരുത്തിയ കണ്ണോത്തു കരുണാകരൻ പരലോകത്തിരുന്ന് കുഞ്ഞാടിനെ അനുഗ്രഹിക്കും.